## ഉത്തരമേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ വകുപ്പ് ഉത്തരമേഖലാ കാര്യാലയം - കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ (മുൻ പൂഴാതി ഗ്രാമ പഞ്ചായത്ത്) ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ - എ ശ്രീമതി. ടി.കെ.ശ്രീജയുടെ (Reg. No. D-2492/06/1991/SA) രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

നമ്പർ ഇ/368/2016 തിയ്യതി, കോഴിക്കോട്, 19/09/2016

==========================================================================================

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ 29/09/2015 ലെ CTP(Vig)/628/15 നം. റിപ്പോർട്ട്

2. സർക്കാരിന്റെ 7/01/2016 ലെ 13083/ആർ.ബി2/15/ത.സ്വ.ഭവ നമ്പർ കത്ത്.
3. കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ 31/3/2016 ലെ ഇ8-3527/16 നമ്പർ കത്ത്.
4. ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ - എ ശ്രീമതി. ടി. കെ. ശ്രീജയ്ക്ക് ഈ ഓഫീസിൽ നിന്നും 19/7/2016 തിയതിയായി നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീമതി. ടി. കെ. ശ്രീജയുടെ 09/08/2016 ലെ മറുപടി

-----

## ഉത്തരവ്

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ( മുൻ പൂഴാതി ഗ്രാമ പഞ്ചായത്ത്) പൂഴാതി വില്ലേജിൽ 149/2എ1 സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിൽ ശ്രീ. പി ഷിജിത്ത്, പള്ളിയത്ത് ഹൗസ്, കോട്ടായി എന്ന വ്യക്തിയ്ക്കുവേണ്ടി ഒരു താമസ കെട്ടിടം നിർമ്മിക്കുന്നതിനായി ചട്ട ലംഘനങ്ങളോടെ പ്ലാൻ തയ്യാറാക്കി ഒപ്പിട്ട് സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ -എ ശ്രീമതി. ശ്രീജ. ടികെ. വിവിഡ്, താഴെ ചൊവ്വ, കണ്ണൂർ (Reg. No. D-2492/06/1991/SA) എന്നവർക്കെതിരെ 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(7), (8) പ്രകാരം നടപടി സ്വീകരിക്കുവാൻ ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ പരാമർശം (1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട് പരാമർശം (3) പ്രകാരം ലഭ്യമാക്കുകയും, 1999 ലെ കെ.എം.ബി.ആർ. ചട്ടം 153 (7), (8) ന് വിധേയമായി ലൈസൻസിയ്ക്ക് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (5) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചിട്ടുണ്ട്.

മുൻ പൂഴാതി ഗ്രാമ പഞ്ചായത്തിൽ നിന്നും 15/11/2014 തിയ്യതിയിൽ അനുവദിച്ച എ4/10037/14 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം ആരംഭിച്ച ടി കെട്ടിടത്തിന് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 28(1) അനുസരിച്ച് മുൻവശത്തെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിൽ നിന്നും 3 മീ. ദൂരം പാലിച്ചിട്ടില്ല. കെട്ടിടത്തിന് മുൻവശത്ത് ചട്ടം 27(3) പ്രകാരം ആവശ്യമായ സ്ഥലം ലഭ്യമല്ല എന്നീ ചട്ട ലംഘനങ്ങളാണ് CTP (Vig) ന്റെ ഒന്നാം പരാമർശിത റിപ്പോർട്ടിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കൂടാതെ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ പ്ലാൻ,

മറ്റനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ടി രേഖകളിൽ പതിച്ച സീലിൽ ലൈസൻസിയുടെ കാലാവധി കഴിഞ്ഞ രജിസ്ട്രേഷൻ നമ്പറായ C1 – 22940/2000/319/SA എന്ന് രേഖപ്പെടുത്തിയതായിട്ടാണ് കാണുന്നത്. എന്നാൽ കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ലൈസൻസിയുടെ Reg. No. D-2492/06/1991/SA എന്നതാണ് മേൽ ചട്ട ലംഘനങ്ങൾ ചൂണ്ടിക്കാട്ടി ഈ ഓഫീസിൽ നിന്നും ടിയാൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് 5-ാം പരാമർശം പ്രകാരം നൽകിയ മറുപടിയിൽ പ്രസ്തുത റോഡ് ജില്ലാതല റോഡാണെന്ന് അറിയാത്തത് കൊണ്ടാണ് ചട്ട പ്രകാരം ആവശ്യമായ ദൂരം പാലിക്കാതിരുന്നത് എന്നും, രജിസ്ട്രേഷൻ പുതുക്കിയതിനുള്ള തെളിവായി അതാത് കാലത്തെ രജിസ്ട്രേഷന്റെ പകർപ്പ് പ്ലാനിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്നും ബോധിപ്പിച്ചിരുന്നു.

കെട്ടിടത്തിന്റെ മുൻവശത്തുള്ള റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധിനതയിലുള്ള ജില്ലാതല റോഡാണെന്ന് തിരിച്ചറിയാൻ കഴിയാത്തത് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ശ്രീമതി. ടി.കെ.ശ്രീജയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. കൂടാതെ നിലവിൽ നിയമാനുസൃതമായ രജിസ്ട്രേഷൻ ഉണ്ടായിരുന്നിട്ടും കാലഹരണപ്പെട്ട രജിസ്ട്രേഷൻ നമ്പർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതു വഴി നിരുത്തരവാദപരമായാണ് ടിയാൾ പ്ലാൻ സമർപ്പിച്ചത് എന്നും വ്യക്തമാകുന്നു. 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(1) പ്രകാരം പ്ലാനുകളും, ഡ്രോയിംഗുകളും ആക്ടിലെയും, ചട്ടങ്ങളിലെയും അല്ലെങ്കിൽ സർക്കാരോ മുനിസിപ്പാലിറ്റിയൊ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ ചട്ടം 153(4) പ്രകാരം പ്ലാനിലും, ഡ്രോയിംഗിലും, വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയും, ഒപ്പുവെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും, ഡ്രോയിംഗിലും, വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിക്കുന്നതാണ് എന്നതിനാലും പ്ലാൻ തയ്യാറാക്കിയതിൽ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ - എ ശ്രീമതി. ടി. കെ. ശ്രീജയ്ക്ക് വീഴ്ച്ച സംഭവിച്ചതായി ബോധ്യപ്പെട്ട് ടിയാളുടെ സൂപ്പർവൈസർ - എ രജിസ്ട്രേഷൻ (Reg. No. D-2492/06/1991/SA) 1999 ലെ കെ.എം.ബി.ആർ ചട്ടം 153(8) അനുസരിച്ച് 1/10/2016 മുതൽ മൂന്നുമാസകാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീമതി. ശ്രീജ ടി.കെ. 1999 ലെ കെ.എം.ബി.ആർ. നിഷ്കർഷിക്കുന്ന സൂപ്പർവൈസർ - എ യുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതും, സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും

എഡന്റിറ്റി കാർഡിന്റെയും അസ്സൽ സഹിതം നഗരകാര്യ ഉത്തരമേഖലാ കാര്യാലയത്തിൽ ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ച്ചക്കകം നേരിൽ ഹാജരാക്കണമെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)

ആർ. ലാലു
നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

അംഗീകാരത്തോടെ

സൂപ്രണ്ട്

ശ്രീമതി. ശ്രീജ. ടി.കെ. വിവിഡ്, താഴെ ചൊവ്വ, കണ്ണൂർ-8

<u>പകർപ്പ്</u> :-

1) ഗവ. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (ആർ.ബി.) വകുപ്പ്, തിരുവനന്തപുരം (ആമുഖപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (1999 ലെ കെ.എം.ബി.ആർ. ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ പത്രം സഹിതം)

3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ( കണ്ണൂർ ജില്ല)
5) നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ, കൊച്ചി, കൊല്ലം
6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

K.R./22/09